ക്കണം.

(ഗംഗ്രാസൂന്നഹദൊസ്). എപ്പിസ്ക്കൊപ്പായുടെയൊ ദാനങ്ങള്ക്കു
ടെ നടത്തിപ്പിന നിയമിക്കപ്പെട്ടയാളിന്റെയൊ കല്പനകൂടാ
തെ ആരെങ്കിലും പള്ളിവക വരുമാനങ്ങളു കൊടുക്കുകയൊ
വാങ്ങുകയൊ ചെയ്താല്‍ കൊടുക്കുന്നവനും വാങ്ങുന്നവനും ശ
പിക്കപ്പെടണം.

(ലാവൊദിക്കിയായുടെ). ദൈവത്തിന്റെ ആലയത്തില്‍
വിരുന്നുകള്‍ ഒരുക്കുകയും ഭക്ഷിക്കയും *കിടക്കകള്‍ വിരി
ക്കുകയും ചെയ്യുന്നത ന്യായമല്ല.

(ലാവൊദിക്കിയായുടെ). കുറുബാനക്രമങ്ങളില്‍ ശേഷിച്ചു
വരുന്ന പൊടികൊണ്ടു വിരുന്നുകഴിപ്പാന്‍ കല്പിക്കുന്നത
ന്യായമല്ല. അതിനെ വില്ക്കുന്നതും ന്യായമല്ല

(കര്‍ക്കിദൊനായുടെ). മുട്ടുകാരായ മല്പ്രാന്മാര്‍ *സന്യാ
സിക്കുന്ന എഴുത്തുകളാല്‍ ധര്‍മ്മം വാങ്ങരുത. അവര്‍ക്കുള്ള
ത്തല്‍ മുദ്ര മാത്രമാകുന്നു.

(ഉറഹായുടെ റബ്ബൂലാ). ശമ്മാശന്മാര്‍ എപ്പിസ്ക്കൊ
പ്പാ വശത്തില്‍ നിന്ന ഭക്ഷണം കൊടുക്കണം. എപ്പി
സ്ക്കൊപ്പാ അവരുടെ അടുക്കല്‍ കല്പിച്ച അവര്‍ക്കിഷ്ടമാ
കുന്നത അവരുടെ ധര്‍മ്മം കൊടുപ്പിക്കണമെന്നത്രെ.

(ഉറഹായുടെ റബ്ബൂലാ). എപ്പിസ്ക്കൊപ്പായും അവരോ
ടിരിക്കുന്നവരും ദരിദ്രന്മാര്‍ക്കു കൊടുക്കുന്നതിനായിട്ട ഒരു
പ്രസാദം ഉണ്ടാക്കി വെക്കണം,

(യാക്കൊബ്‌ മല്പ്രാന്റെ). ഇപ്പൊഴുള്ളവരുടെ പ
ള്ളികളില്‍ എല്ലാം ഓരോ വഴിപാട ഉണ്ടായിരിക്കണം. നെര്‍ച്ച
വഴിപാടുകള്‍ കൊടുക്കുന്നവരെല്ലാം അതില്‍ നിന്ന പിന്തിരി
യണം. അപ്പൊസ്തൊലന്മാരെ ഓര്‍ത്തിരിക്കണം.

(ഉറഹായുടെ യാക്കൊബ്) കുറുബാനകളത്തില്‍ ശേ
ഷിച്ചു വരുന്ന പൊടി പട്ടക്കാര്‍ തങ്ങളുടെ കുട്ടികളായ പ
ട്ടക്കാര്‍ക്കു വില്ക്കുന്നതു കുറ്റകരമല്ല.

(ദിദസ്ക്കാലിയാ). വിശ്വാസികള്‍ പ്രത്യേകം പ്രത്യേകം പ
ള്ളിക്ക കൊടുക്കുന്ന മറ്റു വഴിപാടെല്ലാം ഒരുമിച്ചു കൂട്ടിവെ

---

*ഉറങ്ങുക.

*ദയറാവാസന്റെ യോഗ്യതകളെയും ഗുണങ്ങളെയും വിവ
രിക്കുന്ന എഴുത്തുകള്‍.

